**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1916 — 16.06.2014 ന് മറുപടിയ്ക്ക്.

**<u>റാന്നി നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിലുൾപ്പെടുന്ന പ്രവൃത്തികൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) റാന്നി എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി വനം വകുപ്പുമായി ബന്ധപ്പെട്ട എത്ര നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് എം.എൽ.എ നിർദ്ദേശം നൽകിയിരിക്കുന്നത് ; അവ ഏതെല്ലാമെന്ന് അറിയിക്കാമോ ; | (എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന നിർമ്മാണം നടത്തുന്നതിന് റാന്നി എം.എൽ.എ അഞ്ചു പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.<br>2. വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.<br>3. ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.<br>4. വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിൽപ്പെട്ട മാരംകുളം-നിർമ്മലപുരം-മണ്ണാറത്തറ കരിങ്കുകവല റോഡിന്റെ പുനരുദ്ധാരണം.<br>5. ളാഹ സത്രം പുനരുദ്ധാരണം. |
| (ബി) ഓരോ പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോന്നിന്റേയും തുക എത്രയെന്ന് പ്രത്യേകം വ്യക്തമാക്കാമോ ; | (ബി)<br>1). ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം -എസ്റ്റിമേറ്റ് തുക 1,92,000/- രൂപ.<br>2). വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം - എസ്റ്റിമേറ്റ് തുക 1,92,000/- രൂപ.<br>3). ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം - എസ്റ്റിമേറ്റ് തുക 97,000/- രൂപ. |

4). വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിൽപ്പെട്ട മാരംകുളം-നിർമ്മലപുരം-മണ്ണാറത്തറ കരിങ്കുകവല റോഡിന്റെ പുനരുദ്ധാരണത്തിനായുള്ള 26.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.
5). ളാഹ സത്രം പുനരുദ്ധാരണത്തിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് റാന്നി എം.എൽ.എയുടെ 2.2.2013-ലെ കത്തു മുഖേന റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഉദ്ദേശം 30 ലക്ഷം രൂപ ചെലവിൽ 100 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 10 ടോയിലറ്റ്, 5 മുറികൾ (ഇതിൽ ഒന്ന് എ.സി ചെയ്യണം), 15,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി (സോളാർ പാനലുകൾ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെ) കേരളീയ വാസ്തു ശില്പ മാതൃകയിലുള്ള കെട്ടിടമാണ് പണിയേണ്ടതെന്നും ആർക്കിടെക്റ്റിന്റെ സേവനം ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആർക്കിടെക്ടുമായി ഇതു സംബന്ധിച്ച് റെയിഞ്ചാഫീസർ ചർച്ച നടത്തിയപ്പോൾ മേൽ പറഞ്ഞ പണികൾ ടി തുകയ്ക്ക് പൂർത്തിയാക്കാനാവില്ല എന്നറിയിച്ചതിനാൽ ഈ വിവരം റാന്നി എം.എൽ.എ യെ അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ പണികൾക്കായി 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് യ്യാറാക്കിയിട്ടുള്ളത്.

(സി) ഭരണാനുമതിക്കായി ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സർക്കാരിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ ;

(സി) ഇനം 1, 2, 3 എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (റാന്നി ഡിവിഷനിലെ ഫയൽ നമ്പറുകൾ യഥാക്രമം എ 1-7297/2009, എ 1-7292/2009, എ 1-7298/2009). ഇനം 4-ന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (കൊല്ലം സർക്കിളിലെ ഫയൽ നം.ക്യൂ.സി.1-1893/13 തീയതി 13.03.2013). ഇനം 5-ന്റെ എസ്റ്റിമേറ്റ് ആർക്കിടെക്റ്റിന്റെ സേവനം ഉപയോഗിച്ച് തയ്യാറാക്കുന്നതിനാണ് എം.എൽ.എ നിർദ്ദേശം നല്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ റാന്നി റെയിഞ്ചാഫീസർ ആർക്കിടെക്ടുമായി ചർച്ച ചെയ്യുകയും വിവരം എം.എൽ.എ-യെ അറിയിക്കുകയും ചെയ്തു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. (ഫയൽ നം.D-776/2013 തീയതി 11.02.2013 റാന്നി ഡിവിഷൻ).

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിക്ക് നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഉത്തരം (സി)യിൽ വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| (ഇ) ഏത് തലത്തിലുള്ള ഉദ്യോഗസ്ഥന്റെ കൈവശമാണ് ഓരോ ഫയലും ഉള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ഇ) ഇനം 1, 2, 3,4 എന്നീ പദ്ധതികളുടെ ഫയൽ റാന്നി ഡിവിഷണൽ ഫോറസ്റ്റാഫീസിലാണുള്ളത്. ഇനം 5-ന്റെ എസ്റ്റിമേറ്റ് ആർക്കിടെക്റ്റിന്റെ സേവനം ഉപയോഗിച്ച് തയ്യാറാക്കുന്നതിനാണ് എം.എൽ.എ നിർദ്ദേശം നല്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ റാന്നി റെയിഞ്ചാഫീസർ ആർക്കിടെക്റ്റുമായി ചർച്ച ചെയ്യുകയും വിവരം എം.എൽ.എ-യെ അറിയിക്കുകയും ചെയ്തു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫയൽ ഇപ്പോൾ റാന്നി ഡിവിഷണൽ ഫോറസ്റ്റാഫീസി-ലാണുള്ളത്. |
| (എഫ്) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (എഫ്) ഇനം 1, 2, 3 എന്നീ പദ്ധതികളിലെ പ്രോജക്റ്റുകൾക്ക് ഉത്തരം (സി)യിൽ പറഞ്ഞ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ ഉത്തരവുകൾ പുതുക്കി പുറപ്പെടുവിക്കേണ്ടതും ഇതിനാവശ്യമായ ഫണ്ട് പുതുതായി അനുവദിക്കേണ്ടതുമുണ്ട്. കൂടാതെ കിടങ്ങ് നിർമ്മാണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇനം 4, 5 എന്നീ പദ്ധതികൾക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ